(ബി) രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുവരികയാണ്. ഇതിൽ പുതിയ കുളങ്ങളുടെ നിർമ്മാണവും, പഴയ കുളങ്ങളുടെ പുനരുദ്ധാരണവും നടന്നുവരുന്നു. കൂടാതെ ഫിഷ് മ്യൂസിയം, അക്വാകൾച്ചർ ലാബ്, ട്രെയിനിംഗ് സെന്റർ എന്നിവയുടെ പ്രവൃത്തികളും ഉൾപ്പെടുന്നു.

(സി) പത്ത് കുളങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കിയുള്ളവയുടെ നിർമ്മാണം നടന്നുവരികയാണ്.

(ഡി) പ്രസ്തുത വികസന പ്രവൃത്തികൾ 2010 ആഗസ്റ്റ് മാസത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

അലങ്കാര മത്സ്യക്കൃഷിയുടെ ഉൽപ്പാദനത്തിന് ആരംഭിച്ചിട്ടുള്ള സാറ്റലൈറ്റ് ഫിഷ് ഫാമുകൾ

194 (4818) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അലങ്കാര മത്സ്യകൃഷിയുടെ ഉൽപ്പാദനത്തിന് സംസ്ഥാനം ആരംഭിച്ചിട്ടുള്ള സാറ്റലൈറ്റ് ഫിഷ് ഫാമുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പേരാവൂർ മണ്ഡലത്തിൽ ഈ സർക്കാർ ആരംഭിച്ച പഴശ്ശിരാജ സാറ്റലൈറ്റ് ഫിഷ് ഫാമിൽനിന്നും അലങ്കാര മത്സ്യകൃഷി ഉൽപാദനം ആരംഭിച്ചോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പരപ്പനങ്ങാടി, നെയ്യാർ, പഴശ്ശി എന്നിവിടങ്ങളിലാണ് സാറ്റലൈറ്റ് ഫിഷ് ഫാമുകൾ ആരംഭിച്ചിട്ടുള്ളത്.

(ബി) പേരാവൂർ നിയോജകമണ്ഡലത്തിലെ പഴശ്ശിയിലുള്ള സാറ്റലൈറ്റ് ഫിഷ് ഫാമിൽ, അലങ്കാര മത്സ്യങ്ങളുടെ ഉൽപ്പാദനം ആരംഭിച്ചു. ഏകദേശം 77,000 രൂപയുടെ അലങ്കാര മത്സ്യങ്ങൾ ഇതിനകം കയറ്റുമതി ചെയ്തു.

ശുദ്ധജല മത്സ്യക്കൃഷി

195 (4819) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഏതൊക്കെ അണക്കെട്ടുകളിലാണ് ശുദ്ധജല മത്സ്യകൃഷി ആരംഭിച്ചിട്ടുള്ളത് ;

(ബി) വൈദ്യുതി ഇറിഗേഷൻ അണക്കെട്ടുകളിൽ ഇതുവരെ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ശബരിഗിരി പദ്ധതിയുടെ അണക്കെട്ടുകളിൽ പദ്ധതി നടപ്പാക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കുമോ ;

(ഡി) പത്തനംതിട്ട ജില്ലയിലെ വിവിധ അണക്കെട്ടുകളിൽ പദ്ധതി നടപ്പാക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കുമോ ;

(ഡി) പത്തനംതിട്ട ജില്ലയിലെ വിവിധ അണക്കെട്ടുകളിൽ ശുദ്ധജല മത്സ്യകൃഷി നടപ്പാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണു ദ്ദേശിക്കുന്നത് ?

ഉത്തരം

(എ) പത്തനംതിട്ട ജില്ലയിൽ മണിയാർ, പമ്പ, കൊച്ചുപമ്പ, മൂഴിയാർ, കക്കി, ആനത്തോട്, ഗവി എന്നീ ഡാമുകളിലും തൃശ്ശൂർ ജില്ലയിലെ പീച്ചി, വാഴാനി, അസുരംകണ്ട് എന്നീ അണക്കെട്ടുകളിലും, പാലക്കാട് ജില്ലയിലെ വാളയാർ, മംഗലം, പോത്തുണ്ടി, മീങ്കര, ചുള്ളിയാർ, കാഞ്ഞിരപ്പുഴ, മലമ്പുഴ എന്നീ അണക്കെട്ടുകളിലും കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി അണക്കെട്ടിലും ശുദ്ധജല മത്സ്യക്കൃഷി നടത്തിവരുന്നു.

(ബി) പത്തനംതിട്ട ജില്ലയിൽ വൈദ്യുതി വകുപ്പിന്റെയും ഇറിഗേഷൻ വകുപ്പിന്റെയും അണക്കെട്ടുകളിൽ R.K.V.Y പദ്ധതിയിലൂടെയും തൃശ്ശൂർ ജില്ലയിലെ പെരിങ്ങൽകുത്ത് ഡാമിൽ സാമൂഹ്യ മത്സ്യക്കൃഷി പദ്ധതി മുഖേനയും കോഴിക്കോട് ജില്ലയിലെ ഇറിഗേഷൻ പ്രോജക്ടായ പെരുവണ്ണാമൂഴി അണക്കെട്ടിൽ സാമൂഹ്യ മത്സ്യക്കൃഷി പദ്ധതി മുഖേനയും പാലക്കാട് ജില്ലയിലെ 7 അണക്കെട്ടുകളിൽ മലമ്പുഴ ഒഴികെ 6 അണക്കെട്ടുകളിലും പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങളാണ് മത്സ്യബന്ധനവും വിപണനവും നടത്തുന്നത്. മലമ്പുഴ ഡാമിൽ സ്വയം സഹായ സംഘങ്ങളാണ് ഇവ ചെയ്യുന്നത്.

(സി) അണക്കെട്ടുകൾ എല്ലാം തന്നെ വൈദ്യുതി/വനം/ഇറിഗേഷൻ വകുപ്പുകളുടെ നിയന്ത്രണത്തിലുള്ളവയാണ്. പദ്ധതി പ്രദേശങ്ങളിൽ മത്സ്യക്കൃഷി നടത്തുന്നതിന് വൈദ്യുതി/വനം/ഇറിഗേഷൻ/ആഭ്യന്തരം വകുപ്പുകളുടെ അനുവാദം ആവശ്യമാണ്. വൈദ്യുത പദ്ധതികളുമായി ബന്ധപ്പെട്ട അണക്കെട്ടുകളിൽ സുരക്ഷാ കാരണങ്ങളാൽ മത്സ്യക്കൃഷി അനുവദിക്കാനാവില്ലെന്ന് K.S.E.B. അറിയിച്ചിട്ടുണ്ട്.

(ഡി) പത്തനംതിട്ട ജില്ലയിലെ മൂഴിയാർ, ഗവി, പമ്പ, കൊച്ചുപമ്പ, മണിയാർ, കക്കി, ആനത്തോട് തുടങ്ങിയ അണക്കെട്ടുകളിൽ മത്സ്യക്കൃഷി നടത്തിവരുന്നു. ടി ഡാമുകളിലെ ജലത്തിൽ മത്സ്യക്കൃഷിക്ക് അനുയോജ്യമായ സസ്യജന്തു പ്ലവകങ്ങളുടെ ഉന്നത സാന്നിദ്ധ്യമുണ്ടെന്ന് പരിശോധനയിൽ തെളിഞ്ഞിട്ടുണ്ട്. NFDB സഹായത്തോടെ ഈ വർഷം പമ്പ, കക്കി എന്നീ റിസർവോയറുകളിൽ മത്സ്യവിത്ത് സ്റ്റോക്ക് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly